# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 933

28.04.2017-ന് മറുപടിയ്ക്ക്

## സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 08.12.2016-ലെ സ.ഉ(പി) 205/2016/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാതല മിഷനുകൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്. |
| (ബി) പെരിന്തൽമണ്ണ ഗവ: മോഡൽ എച്ച്.എസ്.എസ് നെ ഈ പദ്ധതി പ്രകാരം വികസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) പെരിന്തൽമണ്ണ ഗവ: മോഡൽ എച്ച്.എസ്.എസ് നെ മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് ആവശ്യമായ മാസ്റ്റർ പ്ലാൻ ലഭ്യമായിട്ടില്ല. |
| (സി) ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഉൾപ്പെടുത്തിയിട്ടുള്ള പുലാമന്തോൾ ജി.എച്ച്.എസ്.എസ്., കുന്നക്കാവ് ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിൽ ടി പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) ഭൗതികസാഹചര്യ വികസനത്തിനായി (2017-18) ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പുലാമന്തോൾ ജി.എച്ച്.എസ്.എസ്, കുന്നുക്കാവ് ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ